## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2734 — 17.06.2019 -ലെ മറുപടി

### ഇടിയഞ്ചിറ, ഏനാമാക്കൽ റിംഗ് ബണ്ടുകൾ

ചോദ്യം
ശ്രീ.മുരളി പെരുനെല്ലി

മറുപടി
കെ. കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പമന്ത്രി

| | | | |
|---|---|---|---|
| എ) | അടുത്ത കൃഷിക്കുള്ള ജലസേചനത്തിനും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ഇടിയഞ്ചിറ, ഏനാമാക്കൽ റിംഗ് ബണ്ടുകൾ യഥാസമയം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് അറിയിക്കാമോ; | എ) | ഇടിയഞ്ചിറ, ഏനാമാക്കൽ റിംഗ് ബണ്ടുകൾ നിർമ്മിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ 2019-20 ലെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | ഉപ്പുവെള്ള ഭീഷണിയ്ക്ക് ശാശ്വത പരിഹാരം കാണുന്നതിനായി താല്ക്കാലിക ബണ്ടുകൾക്ക് പകരം സ്ഥിരം ബണ്ടുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | ബി) | നിലവിലുള്ള സ്ഥിരം റെഗുലേറ്ററുകൾക്ക് കാലപ്പഴക്കം മൂലം ചോർച്ചയുള്ളതു കൊണ്ട് ഉപ്പുവെള്ളം കയറാതിരിക്കുന്നതിനായിട്ടാണ് താല്ക്കാലിക ബണ്ടുകൾ നിർമ്മിച്ചിരിക്കുന്നത്. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ സ്ഥിരം റെഗുലേറ്ററുകൾക്ക് ആവശ്യമായ അറ്റകുറ്റപണികൾ ചെയ്ത് പൂർണ്ണപ്രവർത്തന സജ്ജമാക്കുന്നതിനായി സിവിൽ പ്രവൃത്തികൾക്ക് ഏനാമാക്കൽ റെഗുലേറ്ററിന് 365 ലക്ഷം രൂപയുടേയും ഇടിയഞ്ചിറ റെഗുലേറ്ററിന് 328 ലക്ഷം രൂപയുടേയും, മെക്കാനിക്കൽ പ്രവൃത്തികൾക്കായി ഏനാമാക്കൽ റെഗുലേറ്ററിന് 400 ലക്ഷം രൂപയുടേയും ഇടിയഞ്ചിറ റെഗുലേറ്ററിന് 215 ലക്ഷം രൂപയുടേയും എസ്.ഡി.ആർ.എഫ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**